ഏസി.എച്ച്/2018

01.06.2018.

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2018.

കേരള സർവകലാകാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും യു.ഐ.ടി., ഐ.എച്ച്.ആർ.ഡി. കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2018–19 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 08.06.2018–ന് അവസാനിക്കുന്നതാണ്.

പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ വിഭാഗങ്ങളിലുമുള്ള വിദ്യാർത്ഥികളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത ആരേയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട എന്നിവയിൽ അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും 08.06.2018–നകം ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. വൈകി കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ഒന്നും തന്നെ സർവകലാശാലയിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

ഓൺലൈൻ അപേക്ഷയിൽ നൽകിയിട്ടുള്ള അക്കാദമിക് വിവരങ്ങൾ (academic details) വിദ്യാർത്ഥികൾക്ക് തന്നെ 04.06.2018 വരെ തിരുത്തലുകൾ വരുത്താവുന്നതാണ്. തിരുത്തൽ വരുത്തുന്നവർ പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

ഇതിനോടകം തന്നെ സ്പോർട്സ്, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് വിവിധ കോളേജുകളിൽ അപേക്ഷ സമർപ്പിച്ചുകഴിഞ്ഞ വിദ്യാർത്ഥികൾ തിരുത്തലുകൾ വരുത്തുന്നുണ്ടെങ്കിൽ പുതിയ പ്രിന്റൗട്ട് അതത് കോളേജ് / കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്.

രജിസ്ട്രാർ

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)